# PAPER-III
# MALAYALAM

**Signature and Name of Invigilator**

1. (Signature) __________________________
   (Name) ____________________________
2. (Signature) __________________________
   (Name) ____________________________

OMR Sheet No. : ............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.________________________________
(In words)

**J 2 2 1 2**

Time : 2 $^1/_2$ hours] [Maximum Marks : **150**

Number of Pages in this Booklet : **16** Number of Questions in this Booklet : **75**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण** : Ⓐ Ⓑ ● Ⓓ
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**

## മലയാളം
## MALAYALAM
## Paper – III

**Note :** This paper contains **seventy five (75)** objective type questions of **two (2)** marks each. **All** questions are compulsory.
ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച് (75)** ഓബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട് (2)** മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

**1.** 'ഉത്തുംഗ രാഗരുചി ചിത്താദിനാഥ ഗിരമിത്ഥംനിശമ്യ നൃപകന്യ' എന്നാരംഭിക്കുന്ന ദണ്ഡകം ഏതു കാവ്യത്തിലേത് ?

(A) നൈഷധം ചമ്പു
(B) രാമായണം ചമ്പു
(C) ഉത്തരാ സ്വയംവരം
(D) നിവാതകവചകാലകേയ വധം

**2.** **കാര്യം :** രാമചരിതത്തിലോ രാമായണം കിളിപ്പാട്ടിലോ സ്ഥലത്തെ സാംസ്കാരികമായി നിർമ്മിച്ചു കാണുന്നില്ല.

**കാരണം :** സ്ഥലത്തെ പവിത്രീകരിക്കാനല്ല മനസ്സിനെ പവിത്രീകരിക്കാനാണ് ഇവരുടെ ശ്രമം.

(A) കാര്യം ശരിയല്ല; കാവ്യങ്ങളിൽ സ്ഥല പരാമർശങ്ങളുണ്ട്.
(B) കാര്യവും കാരണവും ശരി.
(C) കാര്യം ശരി കാരണം തെറ്റ്; രാമചരിതത്തിൽ പവിത്രീകരണ ശ്രമമേ ഇല്ല.
(D) കാര്യവും കാരണവും തെറ്റ്.

**3.** "ആരണ കാരണമായറിവാനരുതായറിയാവടിവായൊരു നാളും
പൂരണനായ പുമാനഖിലത്തിനു ഭൂതിവരുംപടി മായയിനാലേ
പാരിൽ മനോഹരനായുളനായപരൻ പുരുഷൻ ശ്രീ രാമൻ തിരുവടി
മാരുതിയന്നുര ചെയ്തതു കേട്ടുമകിഴ്ന്തരുൾച്ചെയ്താനവനോടെ"
ഏതു കാവ്യ പ്രസ്ഥാനത്തിൽപ്പെടുന്നു ?

(A) മണിപ്രവാളം
(B) കണ്ണശ്ശ പ്രസ്ഥാനം
(C) പച്ചമലയാളം
(D) വെണ്മണി പ്രസ്ഥാനം

**4.** 'മാഴ്കുക' എന്ന ക്രിയ സുലഭമായി പ്രയോഗിച്ചു കാണുന്ന പ്രാചീന കൃതി.

(A) ഉണ്ണുനീലി സന്ദേശം
(B) ഉണ്ണിച്ചിരുതേവീ ചരിതം
(C) കൃഷ്ണഗാഥ
(D) ഭാരതം കിളിപ്പാട്ട്

**5.** Ballads of North Malabar എന്ന കൃതിയുടെ പ്രസാധകർ.

(A) കൊച്ചീ ഭാഷാപരിഷ്കരണ കമ്മിറ്റി
(B) മംഗളോദയം
(C) കേരള സർവ്വകലാശാല
(D) മദിരാശി സർവ്വകലാശാല

6. അഞ്ചുവണ്ണം മണിഗ്രാമം എന്നിവയെപ്പറ്റി പരാമർശമുള്ള പ്രാചീന പാട്ടുകൃതി.

(A) തിരുനിഴൽമാല (B) പയ്യന്നൂർപ്പാട്ട്

(C) തച്ചോളിപ്പാട്ട് (D) ഇരവിക്കുട്ടിപ്പിള്ളപ്പോര്

7. പുള്ളുവൻപാട്ട്

(A) സർപ്പ ശാന്തിക്ക് (B) കാളീ പ്രീതിക്ക്

(C) ചരമത്തിന് (D) വിവാഹത്തിന്

8. 'കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ'
പറഞ്ഞതാര് ?

(A) പാഞ്ചാലി (B) ഗാന്ധാരി

(C) കുന്തി (D) വിദുരർ

9. 'വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭരതീപദാവലീ തോന്നേണം കാലേ കാലേ'
ആരുടെ വരികൾ ?

(A) എഴുത്തച്ഛൻ (B) ചെറുശ്ശേരി

(C) നമ്പ്യാർ (D) പൂന്താനം

10. എഴുത്തച്ഛന്റെ മഹത്വം സ്ഥാപിതമായിരിക്കുന്നത് അദ്ദേഹം അവതരിപ്പിക്കുന്ന തത്വചിന്തയിലല്ല കവിത്വത്തിലാണ്, എന്നു വാദിച്ച പണ്ഡിതൻ.

(A) ഡോ. പി.കെ. നാരായണ പിള്ള (B) കെ.എൻ. എഴുത്തച്ഛൻ

(C) എൻ. കൃഷ്ണ പിള്ള (D) സാഹിത്യ പഞ്ചാനനൻ

11. "നളചരിതത്തിലെ ഭാഷാമണിയും പ്രവാളവും കലർത്തു ചേർന്നതല്ല,, സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേർത്തുരുക്കിയ ഒരു വെങ്കല ഭാഷയാണ്."
ആരാണിങ്ങനെ പറഞ്ഞത് ?

(A) അയ്മനം കൃഷ്ണ കൈമൾ (B) ശിരോമണി പി. കൃഷ്ണൻ നായർ

(C) ഏ. ആർ. രാജരാജ വർമ്മ (D) പന്മന രാമചന്ദ്രൻ നായർ

12. ശ്രീരാമ രാമരാമ ഗോവിന്ദ ശിവരാമ
ശ്രീമഹാദേവ കൃഷ്ണ മുകുന്ദ നാരായണ
നാരായണായ നമോ നാരായണായ നമോ
നാരായണായ നമോ നാരായണായ നമോ
ഈ വരികൾ ഏതു കൃതിയുടെ ആരംഭത്തിൽ ?

(A) രാമായണം കിളിപ്പാട്ട് ബാലകാണ്ഡം

(B) രാമായണം കിളിപ്പാട്ട് അയോദ്ധ്യാകാണ്ഡം

(C) ഭാഗവതം കിളിപ്പാട്ട് ദശമസ്കണ്ഡം

(D) ഭാരതം കിളിപ്പാട്ട് സംഭവപർവം

13. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കൃഷ്ണൻ തമ്പി | (i) | ബുദ്ധ ചരിതം |
| (b) | എൻ. വി. കൃഷ്ണ വാര്യർ | (ii) | കർണ്ണ ശപഥം |
| (c) | മാലിമാധവൻ നായർ | (iii) | ഹാംലറ്റ് |
| (d) | ഈയംകോട് ശ്രീധരൻ | (iv) | താടകാ വധം |
| | | (v) | മണികണ്ഠ വിജയം |

| | a | b | c | d |
|---|---|---|---|---|
| (A) | (iv) | (iii) | (i) | (v) |
| (B) | (iv) | (i) | (ii) | (iii) |
| (C) | (iii) | (iv) | (i) | (v) |
| (D) | (v) | (iii) | (ii) | (i) |

14. 'കനക്കുമർത്ഥവും സുധ കണക്കെപ്പദനിരയും
അനർഗ്ഗളം യമകവും അനുപ്രാസമുപമാദി
ഇണക്കം കലർന്നു രമ്യം ജനിക്കും നൽ സാരസ്വതം
നിനക്കും നിൻ ദയിതയ്ക്കും നിനക്കുന്നവർക്കും പിന്നെ'
ആരുടെ ആശംസ ?

(A) യമൻ (B) സരസ്വതി
(C) ഭീമൻ (D) ദേവേന്ദ്രൻ

15. പൂരിപ്പിക്കുക.

ഭടജനങ്ങടെ...
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള
ഭാഷ തന്നെ ചിതം വരു.

(A) ഇടയിലുള്ളൊരു (B) നടുവിലുള്ളൊരു
(C) പടയിലുള്ളൊരു (D) ചുവടിലുള്ളൊരു

16. പൂവമ്പഴത്തിനെതിർ മെയ്യെഴുമുണ്ണിയോട്
പൊയ്‌വമ്പു കൂടുമൊരു കോമനടുത്തിടുമ്പോൾ
പൂവമ്പനും പെരുകുമുങ്കൊടടുത്തു പുത്തൻ
പൂവമ്പെടുത്തു പുതുവില്ലിലുടൻ തൊടുത്തു.
അലങ്കാരമേത് ?

(A) യമകം (B) ഉപമ
(C) അനുപ്രാസം (D) പ്രത്യനീകം

17. വെണ്മണിപ്രസ്ഥാനത്തിൽ ഒറവങ്കരയുടെ പ്രത്യേകത.

(A) സംസ്കൃത ബഹുലമായ ഭാഷ (B) പ്രാസ ഭംഗി
(C) പ്രസാദ മാധുര്യാദി ഗുണങ്ങൾ (D) ഫലിതം

18. ചേർച്ചയുള്ളതേത് ?

(A) ശ്രീയേശു വിജയം പ്രവിത്താനം പി. എം. ദേവസ്യ
(B) കിസ്തു ഗാഥ പുത്തൻകാവ് മാത്തൻ തരകൻ
(C) രാമചന്ദ്ര വിലാസം അഴകത്തു പത്മനാഭക്കുറുപ്പ്
(D) രുഗ്മാംഗദ ചരിതം കെ.സി. കേശവ പിള്ള

19. മഹാകാവ്യങ്ങളെ നെടുങ്കുതിരക്കെട്ടിനോട് സാദൃശ്യപ്പെടുത്തിയ കവി.

(A) ഏ. ആർ. രാജരാജ വർമ്മ (B) സാഹിത്യ പഞ്ചാനനൻ

(C) സി.പി. അച്യുത മേനോൻ (D) കുമാരനാശാൻ

20. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കവിഭാരതം | (i) | മൂലൂർ |
| (b) | കവിപുഷ്പമാല | (ii) | കുണ്ടൂർ |
| (c) | നാലു ഭാഷാകാവ്യങ്ങൾ | (iii) | കാത്തുള്ളി |
| (d) | കവിരാമായണം | (iv) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| | | (v) | കൊട്ടാരത്തിൽ ശങ്കുണ്ണി |

| | a | b | c | d |
|---|---|---|---|---|
| (A) | (iv) | (i) | (v) | (iii) |
| (B) | (iv) | (iii) | (ii) | (i) |
| (C) | (iii) | (ii) | (iv) | (v) |
| (D) | (v) | (i) | (iii) | (iv) |

21. ശബ്ദങ്ങളെ ദാസരെയെന്നപോലെ തനിക്കു കീഴാക്കിയ ശക്തിയുക്തൻ എന്ന് വള്ളത്തോൾ വിശേഷിപ്പിച്ച കവി.

(A) നടുവത്തച്ഛൻ നമ്പൂതിരി

(B) വെണ്മണി മഹൻ

(C) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(D) ചേലപ്പറം

22. കേരള വർമ്മയും കേരള പാണിനിയും കെ.സി. കേശവ പിള്ളയും ദ്രാവിഡവൃത്തത്തിനു മുൻഗണന നല്കി.

(A) പൂർണ്ണമായും ശരി (B) പൂർണ്ണമായും തെറ്റ്

(C) ഭാഗികമായി ശരി (D) ഭാഗികമായി തെറ്റ്

23. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ജ്ഞാന നിക്ഷേപം | (i) | ജീവചരിത്രങ്ങൾ ആത്മകഥകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി |
| (b) | വിദ്യാസംഗ്രഹം | (ii) | സാഹിത്യ വിമർശനം, ഉദ്യോഗസ്ഥ വിമർശനം |
| (c) | പശ്ചിമ താരക | (iii) | മലയാളത്തിലെ ഒന്നാമത്തെ കോളേജ് മാസിക |
| (d) | വിദ്യാവിനോദിനി | (iv) | വിജ്ഞാനമേകുക എന്നതുമാത്രം ഉദ്ദേശിച്ചുള്ളത് |
| | | (v) | പ്രാചീന കൃതികളുടെ പ്രസിദ്ധീകരണം |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (i) | (v) | (iv) |
| (B) | (i) | (iii) | (ii) | (iv) |
| (C) | (iv) | (v) | (ii) | (i) |
| (D) | (iv) | (iii) | (ii) | (v) |

24. കാലക്രമമനുസരിച്ച് ശരിയായ ഗണമേത് ?

(A) വാഴപ്പള്ളി ശാസനം, തരിസാപ്പള്ളി ശാസനം, ജൂത ശാസനം, തിരുവല്ലാ ശാസനം

(B) വാഴപ്പള്ളി ശാസനം, ജൂത ശാസനം, തിരുവല്ലാ ശാസനം, തരിസാപ്പള്ളി ശാസനം

(C) തിരുവല്ലാ ശാസനം, തരിസാപ്പള്ളി ശാസനം, ജൂത ശാസനം, വാഴപ്പള്ളി ശാസനം

(D) ജൂത ശാസനം, തിരുവല്ലാ ശാസനം, വാഴപ്പള്ളി ശാസനം, തരിസാപ്പള്ളി ശാസനം

**25.** ശരിയായി ചേർത്തെഴുതിയതേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ആട്ടപ്രകാരവും ക്രമദീപികയും | (i) | പി.വി. വേലായുധൻ പിള്ള |
| (b) | ഭാഷാ കൗടലീയം | (ii) | സാമുവൽ ചന്ദനപ്പള്ളി |
| (c) | മിഷണറി ഗദ്യം | (iii) | കെ. എൻ. എഴുത്തച്ഛൻ |
| (d) | പ്രാചീന ഗദ്യം | (iv) | എം. ലീലാവതി |
| | | (v) | കെ. രത്നമ്മ |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (ii) | (iv) | (v) |
| (B) | (iv) | (iii) | (ii) | (i) |
| (C) | (iv) | (i) | (v) | (iii) |
| (D) | (iii) | (v) | (iv) | (i) |

**26.** ശരിയായി ചേർത്തെഴുതിയതേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ആറുനയങ്ങളുടെ വ്യാപനം | (i) | സി.എൽ. ആന്റണി |
| (b) | തമിഴിൽ നിന്നു മലയാളത്തിലേക്കു പടിപ്പടിയായുള്ള വികാസം | (ii) | ഇളംകുളം |
| (c) | ഭാഷാ സംക്രമണവാദം | (iii) | എൽ. വി. ആർ. |
| (d) | ഭാഷാ മിശ്രവാദം | (iv) | കേരള പാണിനി |
| | | (v) | ഏ. സി. ശേഖർ |

| | a | b | c | d |
|---|---|---|---|---|
| (A) | (iv) | (i) | (v) | (i) |
| (B) | (ii) | (v) | (iii) | (i) |
| (C) | (iv) | (ii) | (iii) | (v) |
| (D) | (iv) | (v) | (i) | (ii) |

**27.** രാജ്യസമാചാരത്തിലെ രാജ്യം ഏത് ?

(A) ഭാരതം
(B) മലബാർ
(C) മലയാളരാജ്യം
(D) ദൈവരാജ്യം

**28.** ശരിയായി ചേർത്തെഴുതിയതേത് ?

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ആദ്യം നിരോധിക്കപ്പെട്ടപത്രം | (i) | കേരളീയ സുഗുണബോധിനി |
| (b) | ആദ്യത്തെ മുസ്ലീം പത്രം | (ii) | വിവേകോദയം |
| (c) | കുമാരനാശാന്റെ പത്രാധിപത്യം | (iii) | കേരളദീപകം |
| (d) | ആദ്യത്തെ വനിതാമാസിക | (iv) | പശ്ചിമതാരക |
| | | (v) | സന്ദിഷ്ടവാദി |

| | a | b | c | d |
|---|---|---|---|---|
| (A) | (v) | (iii) | (i) | (ii) |
| (B) | (v) | (iii) | (ii) | (i) |
| (C) | (i) | (iv) | (ii) | (i) |
| (D) | (iii) | (ii) | (i) | (iv) |

29. റൂബാ ഇയാത്തിന് തിരുനല്ലൂർ കരുണാകരന്റെ തർജ്ജമ.

(A) റുബാ ഇയാത്ത്
(B) ജീവിതോത്സവം
(C) മദിരോത്സവം
(D) വിലാസലഹരി

30. ഏഴിലംപാലപ്പൂവിൻ സൗരഭച്ചുരുളുകൾ
ഊഴിതന്മുഖത്തുരുമ്മുന്നു കാറ്റനങ്ങുമ്പോൾ

(A) ദൃശ്യ ബിംബം
(B) ദൃശ്യ സ്പർശഗന്ധ ബിംബം
(C) സ്പർശ ബിംബം
(D) ശ്രാവ്യ ബിംബം

31. 'ഹരിശ്രീ' യ്ക്ക് 'അവതാരിക' എഴുതിയതാര് ?

(A) കെ. അയ്യപ്പപ്പണിക്കർ
(B) കടമ്മനിട്ട
(C) സച്ചിദാനന്ദൻ
(D) ജി. കുമാരപിള്ള

32. നിന്റേതിലും മുന്തിയതായ് വരാമെ-
ന്നുടുപ്പി-താർക്കും കടയിൽ കിടയ്ക്കും
എന്നാലൊരേ നൂലുകൾകൊണ്ടു നെയ്ത
തത്രേ നമുക്കംബിക തന്ന വസ്ത്രം

ആരുടെ വരികൾ ?

(A) ഉള്ളൂർ
(B) ആശാൻ
(C) വള്ളത്തോൾ
(D) കുറ്റിപ്പുറത്ത്

33. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | മനുഷ്യകഥാനുഗാമികൾ | (i) | ആശാൻ മെമ്മോറിയൽ അസോസിയേഷൻ |
| (b) | ആശാൻ കവിത – ആധുനികാനന്തരപാഠങ്ങൾ | (ii) | പി. പവിത്രൻ |
| (c) | ആശാൻ കവിതയിലെ ഫ്ളവർ ഷോ | (iii) | മുണ്ടശ്ശേരി |
| (d) | സൂര്യതേജസ്സ് | (iv) | കെ.പി. അപ്പൻ |
| | | (v) | സച്ചിദാനന്ദൻ |

| | a | b | c | d |
|---|---|---|---|---|
| (A) | (iv) | (ii) | (i) | (v) |
| (B) | (v) | (iii) | (ii) | (iv) |
| (C) | (iii) | (ii) | (iv) | (i) |
| (D) | (iv) | (iii) | (i) | (ii) |

34. ചേർച്ചയില്ലാത്ത ഗണമേത് ?

(A) ഉജ്ജയ്നി, സ്വയംവരം, ഉപ്പ്
(B) മയിൽപ്പീലി, പക്ഷേ, ഞാനഗ്നി
(C) അത്രമേൽ സ്നേഹിക്കയാൽ, ഞാനഗ്നി, ഉപ്പ്
(D) അർദ്ധ വിരാമങ്ങൾ, ഭൂമിക്കൊരു ചരമഗീതം, ഞാനഗ്നി

35. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ഒറ്റമണൽത്തരി | (i) | വി.എം. ഗിരിജ |
| (b) | ചാഞ്ഞുപെയ്യുന്ന മഴ | (ii) | സാവിത്രി രാജീവൻ |
| (c) | ദേഹാന്തരം | (iii) | കണി മോൾ |
| (d) | മുലകൾ | (iv) | റോസ് മേരി |
| | | (v) | വിജയ ലക്ഷ്മി |

| | a | b | c | d |
|---|---|---|---|---|
| (A) | (iv) | (iii) | (v) | (i) |
| (B) | (v) | (iv) | (ii) | (i) |
| (C) | (iv) | (iii) | (i) | (v) |
| (D) | (v) | (ii) | (iv) | (i) |

36. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കൈമളശ്ശന്റെ കല്യാണം | (i) | കെ. സുകുമാരൻ |
| (b) | എന്റെ കോഴിക്കോടു യാത്ര | (ii) | സി. എസ്. ഗോപാലപ്പണിക്കർ |
| (c) | കല്യാണിക്കുട്ടി | (iii) | അമ്പാടി നാരായണപ്പൊതുവാൾ |
| (d) | കൂനിയുടെ ചികിത്സ | (iv) | മൂർക്കോത്തു കുമാരൻ |
| | | (v) | ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ |

| | a | b | c | d |
|---|---|---|---|---|
| (A) | (v) | (ii) | (iii) | (iv) |
| (B) | (ii) | (iv) | (i) | (v) |
| (C) | (iii) | (iv) | (v) | (i) |
| (D) | (i) | (v) | (iv) | (ii) |

37. "കിട്ടുക്കുറുപ്പ് ചാവുകയാണ് ! ജീവിതത്തിൽ പാലിച്ച സാമർത്ഥ്യവും കൃത്യനിഷ്ഠയും മരണത്തിൽ പാലിക്കുന്നില്ല എന്നേയുള്ളു. അതുമോശം. എത്രയും വേഗം ചാകാൻ പഠിക്കണം." ഏതു നോവലിൽ നിന്ന് ?

(A) ആതി

(B) പാണ്ഡവപുരം

(C) ഈ ലോകം അതിലൊരു മനുഷ്യൻ

(D) സാക്ഷി

38. "എങ്ങാണ്ടോന്ന് കുറെ പണംകൊണ്ടന്ന് കൊറെ വളോം വാരീട്ട് നെല്ലൊണ്ടാക്കിയതു കൊണ്ട് ആരും കൃഷിക്കാരനാകുന്നില്ല."

ഇത് ആരുടെ കഥയിൽ നിന്ന് ?

(A) കാരൂർ (B) തകഴി

(C) പൊൻകുന്നം വർക്കി (D) കേശവദേവ്

**39.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | നരനായും പറവയായും | (i) | കെ. ആർ. മീര |
| (b) | തല്പം | (ii) | ബി. മുരളി |
| (c) | സാൽവദോർദാലി | (iii) | സുഭാഷ് ചന്ദ്രൻ |
| (d) | പഞ്ചമിബാർ | (iv) | സന്തോഷ് ഏച്ചിക്കാനം |
| | | (v) | സിതാര |

| | a | b | c | d |
|---|---|---|---|---|
| (A) | (i) | (iii) | (iv) | (v) |
| (B) | (v) | (ii) | (iii) | (i) |
| (C) | (iii) | (ii) | (iv) | (v) |
| (D) | (iv) | (iii) | (v) | (ii) |

**40.** ചെറുകഥാ പഠനം നടത്തിയവർ.

1. എം. അച്യുതൻ
2. എം.എം. ബഷീർ
3. കെ.എസ്. രവികുമാർ
4. പി.എസ്. രാധാകൃഷ്ണൻ

(A) എല്ലാം ശരി
(B) 1, 3 മാത്രം ശരി
(C) 1 മാത്രം ശരി
(D) 2, 4 മാത്രം ശരി

**41.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | നോവത്സ്വരൂപം | (i) | ഷാജി ജേക്കബ്ബ് |
| (b) | അന്ധനായ ദൈവം | (ii) | പി.കെ. രാജശേഖരൻ |
| (c) | മാറുന്ന മലയാള നോവൽ | (iii) | കെ. സുരേന്ദ്രൻ |
| (d) | നോവൽ – ചരിത്രത്തിന്റെ പാഠഭേദം | (iv) | കെ.പി. അപ്പൻ |
| | | (v) | പി.കെ. ബാലകൃഷ്ണൻ |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (ii) | (iv) | (i) |
| (B) | (iii) | (ii) | (i) | (iv) |
| (C) | (iv) | (iii) | (ii) | (v) |
| (D) | (v) | (ii) | (iv) | (i) |

**42.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ലക്ഷണാസംഗമം | (i) | കെ.സി. കേശവ പിള്ള |
| (b) | സുഭദ്രാധനഞ്ജയം | (ii) | തോട്ടയ്ക്കാട്ട് ഇക്കാവമ്മ |
| (c) | മറിയാമ്മാ നാടകം | (iii) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| (d) | സദാരാമ | (iv) | കൊച്ചീപ്പൻ തരകൻ |
| | | (v) | ടി.സി. അച്യുത മേനോൻ |

| | a | b | c | d |
|---|---|---|---|---|
| (A) | (v) | (ii) | (iv) | (i) |
| (B) | (iv) | (ii) | (iii) | (v) |
| (C) | (iii) | (i) | (v) | (iv) |
| (D) | (iii) | (ii) | (iv) | (i) |

43. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | പണ്ടത്തെ പാച്ചൻ | (i) | ടി.എൻ. ഗോപിനാഥൻ നായർ |
| (b) | മിന്നൽ പ്രണയം | (ii) | പി.കെ. വിക്രമൻ നായർ |
| (c) | ബി.എ. മായാവി | (iii) | എൻ.പി. ചെല്ലപ്പൻ നായർ |
| (d) | വഴിയെപോയ വയ്യാവേലി | (iv) | സി.വി. രാമൻ പിള്ള |
| | | (v) | ഈ.വി. കൃഷ്ണ പിള്ള |

| | a | b | c | d |
|---|---|---|---|---|
| (A) | (ii) | (iv) | (i) | (iii) |
| (B) | (iii) | (ii) | (iv) | (i) |
| (C) | (iv) | (iii) | (v) | (i) |
| (D) | (iv) | (i) | (ii) | (v) |

44. **കാര്യം** : പ്രഹസനത്തെ ഗൗരവപ്പെട്ട നാടക ചർച്ചകളിൽ പരിഗണിക്കുന്നില്ല.

**കാരണം** :
1. തിരുവനന്തപുരത്തു മാത്രം അവ പ്രചരിച്ചു.
2. അഗാധമായ ജീവിത പ്രമേയങ്ങളുടെ അഭാവം.
3. നാടകീയ ഗുണങ്ങളുടെ അഭാവം.
4. നിശിതമായ ഫലിത പരിഹാസങ്ങൾ.

(A) കാര്യം ശരി, കാരണം 2, 3 മാത്രം ശരി.
(B) കാര്യവും കാരണങ്ങളും ശരി.
(C) കാര്യം ശരി, കാരണം 1, 2 മാത്രം ശരി.
(D) കാര്യവും കാരണങ്ങളും തെറ്റ്.

45. കല്ലേൽപൊക്കുടന്റെ ആത്മകഥ.
(A) ഇതാണെന്റെ ജീവിതം
(B) ഞാൻ
(C) എന്റെ ജീവിതം
(D) എന്റെ ജീവിതം, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം

46. ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | അഴകച്ച് | (i) | വെള്ളം |
| (b) | പുനൽ | (ii) | ശത്രുക്കൾ |
| (c) | മുറുവൽ | (iii) | പ്രാചീന നാണയം |
| (d) | മാറ്റലർ | (iv) | പുഞ്ചിരി |
| | | (v) | പ്രാചീന ആഭരണം |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (i) | (iv) | (ii) |
| (B) | (iii) | (ii) | (v) | (i) |
| (C) | (i) | (v) | (ii) | (iii) |
| (D) | (v) | (ii) | (i) | (iv) |

47. എം.പി. പോളിന്റെ കൃതികൾ എഡിറ്റ് ചെയ്തത്.
(A) കെ.വി. തോമസ്
(B) പി.കെ. രാജശേഖരൻ
(C) കെ.എസ്. രവികുമാർ
(D) എഴുമറ്റൂർ രാജരാജ വർമ്മ

48. കലാസാമാന്യത്തിന്റെ മാനദണ്ഡങ്ങൾകൊണ്ട് സാഹിത്യത്തെ അളക്കാൻ കഴിയില്ലെന്ന് വാദിച്ച വിമർശകൻ.
(A) കേസരി ബാലകൃഷ്ണ പിള്ള
(B) കുട്ടികൃഷ്ണ മാരാർ
(C) മുണ്ടശ്ശേരി
(D) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

49. ആധുനികാനന്തരത പോയിട്ട് ആധുനികതയുടെപോലും സാമൂഹികാന്തരീക്ഷം കേരളത്തിൽ ഇല്ലെന്നു വാദിച്ച വിമർശകൻ
(A) പി.കെ. പോക്കർ
(B) വി.സി. ശ്രീജൻ
(C) പി.പി. രവീന്ദ്രൻ
(D) സി. രാജേന്ദ്രൻ

50. സുകുമാർ അഴീക്കോടിന്റെ രമണനും മലയാളകവിതയും മാറ്റമില്ലാതെ പുതിയ പതിപ്പുകളാകുന്നു.
(A) ശരി
(B) തെറ്റ്
(C) അനുബന്ധം ചേർത്തു പരിഷ്കരിച്ചു
(D) പുതുക്കി എഴുതി

51. കെ. സുരേന്ദ്രന്റെ കൃതികൾ നാലുഗണമായി തിരിച്ചിരിക്കുന്നു. ഏറ്റവും ചേർച്ചയുള്ള ഗണമേത് ?
(A) കുമാരനാശാൻ, ഗുരു, താളം
(B) നോവൽ സ്വരൂപം, കുമാരനാശാൻ, ഗുരു
(C) ടോൾസ്റ്റോയിയുടെ കഥ, ദസ്തയേവ്സ്കിയുടെ കഥ, കുമാരനാശാൻ
(D) ജ്വാല, ഗുരു, കുമാരനാശാൻ

52. എം. എൻ. വിജയന്റെ ശീർഷാസനത്തിൽ ചർച്ചചെയ്യുന്നത്.
(A) കവിത്രയ കവിത
(B) വൈലോപ്പിള്ളി കവിത
(C) സമകാല കവിത
(D) കുഞ്ഞുണ്ണി കവിത

53. പൗരസ്ത്യ നാടക സങ്കല്പങ്ങളെ നിശിതമായി വിമർശിച്ച നിരൂപകൻ.
(A) സാഹിത്യ പഞ്ചാനനൻ
(B) സി. അന്തപ്പായി
(C) സി.എസ്. നായർ
(D) കെ. രാമകൃഷ്ണ പിള്ള

54. കഥാപാത്രങ്ങളും തിരക്കഥകളും – ശരിയായ ഗണമേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | സരോജാക്ക, തെമ്മി | (i) | പാതിരാവും പകൽ വെളിച്ചവും |
| (b) | രാമൻ, ദേവയാനി | (ii) | അശ്വമേധം |
| (c) | എം. എൻ., ശശികുമാർ | (iii) | വിധേയൻ |
| (d) | ഡോ. തോമസ്, സരോജ | (iv) | പെരുവഴിയമ്പലം |
| | | (v) | ഭാർഗ്ഗവീ നിലയം |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (ii) | (v) | (iv) |
| (B) | (iv) | (ii) | (v) | (i) |
| (C) | (iii) | (ii) | (i) | (iv) |
| (D) | (iii) | (iv) | (v) | (ii) |

55. കാര്യം : എൻ. കൃഷ്ണ പിള്ളയുടെ നാടകങ്ങൾക്ക് അരങ്ങിൽ പ്രചുരപ്രചാരം ലഭിച്ചില്ല.

മുഖ്യകാരണം :
1. സ്വന്തം കാലഘട്ടത്തിലെ നാടകവേദിയോട് കൃഷ്ണപിള്ള പുലർത്തിയിരുന്ന താത്പര്യക്കുറവ്.
2. അന്തഃസംഘർഷ കേന്ദ്രിതമായ പ്രമേയങ്ങളെ വേഗത്തിൽ ഉൾക്കൊള്ളാൻ നാടകവേദി പ്രകടിപ്പിച്ച വൈമനസ്യം.
3. ആ നാടകങ്ങളിൽ പ്രകടമായിരുന്ന വൈദേശിക സ്വാധീനം.
4. പ്രൊഫഷണൽ നാടക രീതി തന്നെയാണ് കൃഷ്ണപിള്ളയും സ്വീകരിച്ചത്.

(A) 1, 2 ശരി (B) 2 ശരി
(C) 3 ശരി (D) 3, 4 ശരി

56. മലയാളത്തിലെ മികച്ച ജീവചരിത്രകാരനാണ്.
(A) ഏ.പി. ഉദയഭാനു (B) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
(C) എൻ. കൃഷ്ണ പിള്ള (D) പി.കെ. പരമേശ്വരൻ നായർ

57. ശരിയായി ചേർത്തെഴുതിയതേത് ?

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ആരോടും പരിഭവമില്ലാതെ | (i) | തകഴി |
| (b) | ഒരു സർജ്ജന്റെ ഓർമ്മക്കുറിപ്പുകൾ | (ii) | ഫാദർ വടക്കൻ |
| (c) | എട്ടാമത്തെ മോതിരം | (iii) | എം.കെ.കെ. നായർ |
| (d) | എന്റെ കുതിപ്പും കിതപ്പും | (iv) | കെ. എം. മാത്യു |
| | | (v) | പി.കെ.ആർ. വാര്യർ |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (v) | (iv) | (ii) |
| (B) | (ii) | (iv) | (iii) | (i) |
| (C) | (iii) | (iv) | (v) | (ii) |
| (D) | (iv) | (iii) | (i) | (ii) |

58. ശരിയായി ചേർത്തെഴുതിയതേത് ?
മനുഷ്യ ഭാഷയുടെ സവിശേഷതകൾ

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ഭാഷ പ്രചോദനമുക്തമാണ് (stimulus free) | (i) | അറിഞ്ഞിട്ടോ കേട്ടിട്ടോ ഇല്ലാത്ത കാര്യങ്ങളെക്കൂടി ഭാഷാ വിഷയമാക്കാം. |
| (b) | ദ്വൈവിധ്യം (duality) | (ii) | എന്ന് എവിടെ സംഭവിച്ചകാര്യത്തെക്കുറിച്ചും പറയാം |
| (c) | ആദേശം (displacement) | (iii) | സ്വന്തം നിലയ്ക്ക് അർത്ഥം ഇല്ലാത്ത ഏതാനും ശബ്ദങ്ങളുപയോഗിച്ച് അർത്ഥയുക്തമായ കണക്കറ്റ ഭാഷാ രൂപങ്ങൾ ഉണ്ടാക്കാം. |
| (d) | തുറവി (open endedness) | (iv) | എന്തും, ഏതു പ്രകരണത്തിലും പറയാം. |

| | a | b | c | d |
|---|---|---|---|---|
| (A) | (ii) | (iii) | (iv) | (i) |
| (B) | (iv) | (i) | (iii) | (ii) |
| (C) | (iv) | (iii) | (ii) | (i) |
| (D) | (i) | (ii) | (iv) | (iii) |

**59.** സൊസ്യൂറിന്റെ ലാങ്, പരോൾ എന്നീ സങ്കല്പങ്ങൾക്ക് ചോംസ്കിയുടെ ഭാഷാദർശനത്തിൽ;

(A) അഗാധഘടന (B) ഉപരിഘടന

(C) സംരചനയും പ്രജനനവും (D) ഭാഷാശേഷിയും ഭാഷാപ്രജനനവും

**60.** സ്വരങ്ങളുടെ വർഗ്ഗീകരണത്തിനു അടിസ്ഥാനം.

1. ശ്വാസ പ്രവാഹത്തിന്റെ അളവ്
2. നാവിന്റെ മൊത്തത്തിലുള്ള ഉയരം
3. നാവിന്റെ ഏറ്റവും ഉയർന്ന ഭാഗം
4. ചുണ്ടുകളുടെ വർത്തുളത

(A) 2, 3, 4 ശരി (B) 4 മാത്രം ശരി

(C) എല്ലാം ശരി (D) രണ്ടും മൂന്നും ശരി

**61.** ഗുണ്ടർട്ട് നിഘണ്ടുവിന്റെ സവിശേഷതകൾ

(A) മണിപ്രവാള കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ

(B) മാപ്പിള മലയാളത്തിന്റെ സാന്നിദ്ധ്യം

(C) സ്വനലിപി (phonetic script) യിലുള്ള ഉച്ചാരണം

(D) നിരുക്തി (Etymology) വിചാരം

**62.** രൂപവിജ്ഞാനീയവും (Morphology) വാക്യവിജ്ഞാനീയവും ചേർന്നാൽ സാമ്പ്രദായിക വ്യാകരണമായി.

(A) ശരി

(B) തെറ്റ്

(C) ഭാഗികമായി ശരി, വർണ്ണവിജ്ഞാനംകൂടി വേണം

(D) ഭാഗികമായി ശരി, ധ്വനിവിജ്ഞാനവും വർണ്ണവിജ്ഞാനവും കൂടി വേണം

**63.** വിഭക്തിച്ചേർച്ച പരിശോധിക്കുക.

1. നമ്മളിരുവരുടെയും സുഹൃത്ത്
2. നമ്മുടെ ഇരുവരുടെയും സുഹൃത്ത്

(A) ഒന്നും രണ്ടും ശരി (B) ഒന്നും രണ്ടും തെറ്റ്

(C) ഒന്നു ശരി (D) രണ്ട് ശരി

**64.** ഉദ്ദേശികാവിഭക്തിയുടെ കാരകം.

(A) സാക്ഷി കാരകം (B) അധികരണ കാരകം

(C) കർമ്മ കാരകം (D) സ്വാമി കാരകം

**65.** **കാര്യം** : മലയാളഭാഷയെ വികസ്വര ഭാഷയായിട്ടാണ് വികസിത ഭാഷയായിട്ടല്ല ലീലാ തിലകകാരൻ കണ്ടിരുന്നത്.

**കാരണം** : 1. ഭാഷദേശ ഭാഷ, കേരള ഭാഷ, തമിഴ്, എന്നിങ്ങനെയാണ് ഇവിടത്തെ ഭാഷയെ വിളിച്ചിരുന്നത്. നിയതമായ ഒരു ഭാഷാസംജ്ഞ കൊണ്ടല്ല.

2. ഒരു വികസിതഭാഷയ്ക്ക് അവശ്യം വേണ്ട വ്യാകരണ ഗ്രന്ഥമോ നിഘണ്ടുവോ ഇവിടത്തെ ഭാഷയ്ക്കില്ല.

(A) കാര്യം ശരി, കാരണം തെറ്റ് (B) കാര്യവും കാരണങ്ങളും ശരി

(C) കാര്യവും ഒന്നാം കാരണവും ശരി (D) കാര്യവും രണ്ടാം കാരണവും ശരി

**66.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | എഴുത്തുകാരന്റെ മരണം | (i) | ദറിദ |
| (b) | പാഠത്തിന്റെ സർവ്വ പ്രാമാണ്യം | (ii) | ലക്കാൻ |
| (c) | അബോധ മനസ്സിന്റെ ഘടന ഭാഷയുടേതാണ് | (iii) | ബാർത്ത് |
| (d) | ചിഹ്നശാസ്ത്രപഠനം | (iv) | ഉബർട്ടോഉക്കോ |
| | | (v) | യുങ് |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (i) | (ii) | (iv) |
| (B) | (iv) | (ii) | (i) | (v) |
| (C) | (ii) | (iii) | (v) | (iv) |
| (D) | (v) | (iv) | (ii) | (iii) |

**67.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | കാൾ മാർക്സ് | (i) | ഫ്രങ്ഫർട്ട് സ്കൂൾ |
| (b) | ഗ്രാംഷി | (ii) | മേൽക്കോയ്മ വാദം |
| (c) | ഹേബർമാസ് | (iii) | മേൽപ്പുര അടിത്തറ വാദം |
| (d) | റെയ്മണ്ട് വില്യംസ് | (iv) | സംസ്കാര വാദം |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (iv) | (ii) | (v) |
| (B) | (iii) | (iv) | (ii) | (i) |
| (C) | (i) | (iv) | (v) | (iii) |
| (D) | (iii) | (ii) | (i) | (iv) |

**68.** ഭരതന്റെ അഭിപ്രായത്തിൽ രസം ഉണ്ടാകുന്നത്

(A) സ്ഥായീഭാവം രസമാകുന്നു.

(B) വിഭാവാനുഭാവ വ്യഭിചാരികളുടെ യോഗത്തിൽ നിന്നു രസമുണ്ടാകുന്നു.

(C) വിഭാവാനുഭാവങ്ങൾ രസമായി മാറുന്നു.

(D) അനുഭാവങ്ങളും സ്ഥായീഭാവവും ചേർന്നു രസമുണ്ടാകുന്നു.

**69.** ശരിയായി ചേർത്തെഴുതിയതേത് ?

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | ഉല്പത്തിവാദം | (i) | ക്ഷേമേന്ദ്രൻ |
| (b) | അനുമിതിവാദം | (ii) | അഭിനവ ഗുപ്തൻ |
| (c) | ഭുക്തിവാദം | (iii) | ഭട്ടലൊല്ലടൻ |
| (d) | അഭിവ്യക്തിവാദം | (iv) | ശ്രീ ശങ്കുകൻ |
| | | (v) | ഭട്ടനായകൻ |

| | a | b | c | d |
|---|---|---|---|---|
| (A) | (iii) | (iv) | (v) | (ii) |
| (B) | (iii) | (iv) | (v) | (i) |
| (C) | (i) | (v) | (iv) | (ii) |
| (D) | (ii) | (iv) | (i) | (iii) |

70. സാഹിത്യം എന്ന ഭാഷാവസ്തുവിന്റെ അർത്ഥം സമഗ്രമായി ചോർത്തിയെടുക്കലാണ് യഥാർത്ഥ വിമർശനം എന്നു വാദിച്ച സൈദ്ധാന്തികൻ.

(A) ഗ്രീൻ ബ്ലാറ്റ്
(B) ലൂക്കാച്ച്
(C) ജീൻ ജാനറ്റ്
(D) ജോൺ ക്രോറാൻസം

71. **കാര്യം** : വാച്യത്തിന് വ്യംഗ്യത്തെക്കാൾ ചാരുത്വമേറുന്ന സന്ദർഭങ്ങളുണ്ട്.

**കാരണം** : സമാസോക്തി, രൂപകം, ഉൽപ്രേക്ഷ, ദീപകം അപ്രസ്തുത പ്രശംസ തുടങ്ങിയ അലങ്കാരങ്ങളിൽ വാച്യവൈചിത്ര്യമാണ് പ്രധാനം.

(A) കാര്യവും കാരണവും ശരി.
(B) കാര്യം ശരി, കാരണം ഭാഗികമായി ശരി.
(C) കാര്യവും കാരണവും തെറ്റ്.
(D) കാര്യം ശരി, കാരണം തെറ്റ്.

72. ഭാമഹൻ സ്വീകരിക്കുന്ന ഗുണങ്ങൾ.

1. മാധുര്യം
2. പ്രസാദം
3. ഓജസ്
4. ശ്ലേഷം

(A) 1, 4 ശരി
(B) 1, 3 ശരി
(C) 1, 2 ശരി
(D) 2, 4 ശരി

73. വേപ്പിന്റെ കയ്പ് ശമിച്ചീടുമോ എന്നതിലെ അനുപ്രയോഗം.

(A) ശമിക്ക
(B) ഓ
(C) കയ്പ്പ്
(D) ഈട്

74. ബൃഹദാഖ്യാനത്തെ പ്രാദേശികമായ എതിർ കഥനത്തിലൂടെ 'ദൂഷണം' ചെയ്യുന്നതാണ്

1. ചാക്യാർ കൂത്ത്
2. കൂടിയാട്ടം
3. തുള്ളൽ
4. പടയണി

(A) 1, 2 ശരി
(B) 3 മാത്രം ശരി
(C) 1, 3 ശരി
(D) 1 മാത്രം ശരി

75. **കാര്യം** : പുരുഷകേന്ദ്രിതമായ അണുകുടുംബത്തിന്റ സാംസ്കാരികവും മൂല്യപരവുമായ പ്രവർത്തനം ഉറപ്പിച്ചെടുക്കാൻ സിനിമയ്ക്കുള്ളിലെ ആൺപെൺ ബന്ധങ്ങൾ സഹായകമായി.

**കാരണം** : സ്വന്തമായി തീരുമാനമെടുത്തു സംസാരിക്കുന്നതിനുപകരം പരാതി ഇല്ലാതെ സഹകരിക്കുകയും കരയുകയും ചെയ്യുന്ന സ്ത്രീ കഥാപാത്രങ്ങളായിരുന്നു സിനിമയിൽ.

(A) കാര്യം ശരി, കാരണം തെറ്റ്.
(B) കാര്യവും കാരണവും തെറ്റ്.
(C) കാര്യം ശരി, കാരണം ഭാഗികമായി ശരി. ടെലിവിഷനും തുല്യപങ്കുണ്ട്.
(D) കാര്യവും കാരണവും ശരി.

**Space For Rough Work**